## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 437 07.01.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയിൽ നിന്ന് ഡെപ്യൂട്ടേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സിയിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ അവരുടെ അപേക്ഷപ്രകാരമല്ലാതെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് വകുപ്പുകളിലേക്കും കോർപ്പറേഷനുകളിലേക്കും അയക്കാറുണ്ടോ ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ ഡെപ്യൂട്ടേഷൻ ലാവണത്തിലെ ശമ്പളം നിശ്ചയിക്കുന്നതിന് കെ.എസ്.ആർ.ടി.സിയിലെ അവരുടെ ശമ്പള നിരക്ക് മാനദണ്ഡമാക്കാറുണ്ടോ ; | (ബി) | കെ.എസ്.ആർ.ടി.സിയിൽ നിന്നും നൽകുന്ന എൽ.പി.സി പ്രകാരമുള്ള അടിസ്ഥാന ശമ്പളവും, ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടുന്ന ശമ്പളമാണ് ഇക്കാര്യത്തിൽ മാനദണ്ഡമായി സ്വീകരിക്കുന്നത്. |
| (സി) | സ്വന്തം അപേക്ഷപ്രകാരമല്ലാതെ പൊതുതാൽപ്പര്യ പ്രകാരം മന്ത്രിമാരുടെ ഓഫീസുകളിലുൾപ്പെടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കെ. എസ്.ആർ.ടി.സി.യിൽ നിന്ന് ജീവനക്കാരെ നിയമിക്കാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) യും (ഡി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | അവർക്ക് കെ.എസ്.ആർ.ടി.സി. യിലെ താഴ്ന്ന നിരക്കിലെ ശമ്പളവും സർക്കാർ നിരക്കിലും താഴ്ന്ന ക്ഷാമബത്തയും മാത്രമേ നൽകുന്നുള്ളൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |

| | | | |
|---|---|---|---|
| (ഇ) | സ്വയം ആവശ്യപ്പെടാതെ പൊതു താൽപ്പര്യത്തിന് വേണ്ടി പല അല വൻസുകളുമില്ലാതെ കുറഞ്ഞ ശമ്പ ളത്തിൽ ജോലി ചെയ്യേണ്ടിവരുന്ന ജീവനക്കാർക്ക് കെ.എസ്.ആർ.ടി. സി.യിലെ അർഹതപ്പെട്ട യാത്രാ പാസ് അനുവദിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ ? | (ഇ) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും ഡപ്യൂ ട്ടേഷനിൽ പോകുന്ന ജീവനക്കാർക്ക് യാത്രാ പാസിന് അർഹതയില്ലാത്തതാണ്. ആയതിനാൽ പാസ് അനുവദിക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ